# നീര സംസ്കരണ പ്ലാന്റ് കൊല്ലത്ത് തുടങ്ങും

കൊച്ചി ● കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉൽപാദക കമ്പനി ജൂലൈ 15 മുതൽ നീരയുടെ ഉൽപാദനം ആരംഭിക്കും. ഒരു കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന 14,000 ചതുരശ്ര അടി വിസ്തീർണമുള്ള നീര സംസ്കരണപ്ലാന്റിന്റെ നിർമാണം മൈനാഗപ്പള്ളിക്കടുത്ത് കടപ്പാവാർഡിൽ ഏപ്രിൽ 15ന് ആരംഭിക്കും. പ്ലാന്റിന്റെ നിർമാണത്തിന് 25 ലക്ഷം രൂപയുടെ സഹായ വാഗ്ദാനം ലഭിച്ചതായി കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു. പ്ലാന്റിനായി ഒന്നര ഏക്കർ സ്ഥലം പാട്ടത്തിന് എടുത്തു. ഒന്നര മാസംകൊണ്ട് നിർമാണം പൂർത്തിയാക്കും. നീരയ്ക്ക് ഒപ്പം മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണവും ഇവിടെ നടക്കും. പ്രതിദിനം 15000 ലീറ്ററിലേറെ നീര സംസ്കരണമാണു ലക്ഷ്യം.